കേരള സർക്കാർ **വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 22,ശനി

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** dioksgd@gmail.com

## ഗദ്ദിക പറയുന്നത് ഉയർത്തെഴുന്നേൽപിന്റെ രാഷ്ട്രീയം:

## മന്ത്രി എകെ ബാലൻ

ചരിത്രപരമായ കാരണങ്ങളാൽ മുഖ്യധാരാ സാമൂഹിക ജീവിതത്തന്റെ പിന്നാമ്പുറങ്ങളിലേക്ക് വലിച്ചെറിയപ്പെട്ട ഗോത്രവിഭാഗങ്ങളുടെ ഉയർത്തിയെഴുന്നേൽപിന്റെ രാഷ്ട്രീയമാണ് ഗദ്ദിക നാടൻ കലാമേള മുന്നോട്ട് വെക്കുന്നതെന്ന് മന്ത്രി എ.കെ ബാലൻ. പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പുകളുടെയം കിർടാഡ്സിന്റേയും സംയുക്താഭിമുഖ്യത്തിൽ പിലിക്കോട് പഞ്ചായത്തിലെ കാലിക്കടവ് മൈതാനത്ത് സംഘടിപ്പിക്കുന്ന ഗദ്ദിക കലാമേള ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെവിടെയും കാണാത്ത സാമൂഹിക ദുരാചാരമായ ജാതി വ്യവസ്ഥയുടെ ഫലമായാണ് ഇന്ത്യയിൽ വലിയൊരു വിഭാഗം ജനങ്ങൾ ഇവിടത്തെ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക വ്യവഹാരങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടതെന്നും ഈ ദുരവസ്ഥയിൽ നിന്നുള്ള വിമോചന പ്രഖ്യാപനമാണ് മേള കൊണ്ടുദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ജാതീയ വിവേചനങ്ങൾ കൊണ്ട് വിഷലിപ്തമായ ഭൂതകാലമാണ് നമുക്ക് പിന്തിരിഞ്ഞു നോക്കുമ്പോൾ കാണാനാവുന്നത്. ഭ്രാന്താലയമെന്ന് പോലും വിശേഷിക്കപ്പെട്ട കേരളീയ സമൂഹം നവോത്ഥാന നായകരുടെ നേതൃത്വത്തിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചത്. സാമൂഹിക ജീവിത

ത്തിന്റെ എല്ലാ മേഖലകളിലും ജാതീയ ശ്രേണിയിൽ താഴ്ന്നവരും സ്ത്രീ സമൂഹവും കടുത്ത വിവേചനമാണ് അനുഭവിച്ചിരുന്നത്. നവോത്ഥാന നായകർ തുടക്കമിട്ട സാമൂഹിക വിപ്ലവത്തിന് പിന്നീട് സംസ്ഥാനത്ത് ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരിലൂടെ തുടർച്ച ലഭിക്കുകയും പിന്നോക്ക വിഭാഗങ്ങൾക്ക് പൊതു ഇടങ്ങളിൽ സ്വീകാര്യത ലഭിക്കുകയും ചെയ്തു. ഒരു കാലത്ത് കേരളീയ സമൂഹം തിരസ്കരിച്ച ഭ്രാന്താലയത്തിലേക്ക് ഇന്നത്തെ സമൂഹം തിരിച്ചു പോവുന്ന സ്ഥിതി വിശേഷമാണ് നിർഭാഗ്യവശാൽ ചിലർ ബോധപൂർവം സൃഷ്ടിച്ചിരിക്കുന്നത്.

പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ സജീവമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര വർഗ പൈതൃകവും തനതുകലകളും സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും പരമ്പരാഗത തൊഴിൽ ഉത്പന്നങ്ങൾ പൊതു സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനുമാണ് ഗദ്ദിക സംഘടിപ്പിക്കുന്നത്. വർഷത്തിൽ രണ്ട് ഗദ്ദിക മേളയാണ് നടത്തുന്നത്. അടുത്ത മേള തിരുവനന്തപുരത്ത് സംഘടിപ്പിക്കുമെന്ന് മന്ത്രി പറഞ്ഞു. മേളയിലൂടെ ഏകദേശം 50 ലക്ഷം രൂപയുടെ വരുമാനമാണ് ഈ വിഭാഗത്തിന് ലഭിക്കുന്നത്. കൂടാതെ വിദ്യാഭ്യാസ-നൈപുണി വികസനത്തിന് പ്രത്യേക പദ്ധതികളാണ് നടപ്പിലാക്കുന്നത്. പരിശീലനം പൂർത്തീകരിച്ച 1400ഓളം പേർ ഉടൻ തന്നെ വിദേശത്ത് ജോലിയിൽ പ്രവേശിപ്പിക്കുമെന്നും വിദ്യാർത്ഥികൾക്കായി കലാ-കായിക രംഗത്ത് മേളകൾ സംഘടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. പട്ടിക വർഗമേഖലയിലെ ശിശുമരണ നിരക്ക് കേരള ശരാശരിയിലേക്കെത്തിക്കാനുള്ള ശ്രമങ്ങൾ വിജയകരമാണെന്നും അദ്ദേഹം പറഞ്ഞു. കാസർകോട് ആദ്യമായി ആതിഥ്യമരുളുന്ന ഗദ്ദിക നാടൻകലാ മേള ഗോത്രസംസ്കൃതിയെ അടുത്തറിയാൻ സഹായിക്കുമെന്നും മേള വിജയകരമാക്കാൻ പൊതുസമൂഹം മുന്നോട്ട് വരണമെന്നും മന്ത്രി പറഞ്ഞു.

**ഫോട്ടോ അടിക്കുറിപ്പ്**

പട്ടിക ജാതി പട്ടിക വർഗ വികസന വകുപ്പുകളുടെയം കിർടാഡ്സിന്റേയും സംയുക്താഭിമുഖ്യത്തിൽ പിലിക്കോട് പഞ്ചായത്തിലെ കാലിക്കടവ് മൈതാനത്ത് സംഘടിപ്പിക്കുന്ന ഗദ്ദിക കലാമേള ഉദ്ഘാടനം ചെയ്ത് മന്ത്രി  എകെ ബാലൻ സംസാരിക്കുന്നു

## ഗോത്രവിഭാഗങ്ങളുടെ ഉന്നമനത്തിന് സർക്കാർ മുന്തിയ പരിഗണന നൽകുന്നു : മന്ത്രി ഇ .ചന്ദ്രശേഖരൻ

കേരളം രൂപം കൊണ്ടു 62 വർഷം പിന്നിടുമ്പോഴും ഏറെ പ്രതിസന്ധികളിൽ കഴിയുന്ന ഗോത്രജനവിഭാഗത്തിന്റെ ഉന്നമനത്തിനും അടിസ്ഥാന പരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബോധപൂർവ്വമായ പരിശ്രമങ്ങൾ തന്നെയാണ് സർക്കാർ നടത്തുന്നതെന്ന് റവന്യൂ മന്ത്രി ഇ.ചന്ദ്രശേഖരൻ പറഞ്ഞു. ഇവരെ മുഖ്യധാരയിലേക്ക് കൈപിടിച്ചു ഉയർത്താനും കാലങ്ങളായി ഇവർ പൈതൃകമായി സംരംക്ഷിച്ചു പോകുന്ന കലകളെയും ഉത്പന്നങ്ങളെയും സമൂഹത്തിന് പരിചയപ്പെടുത്തിക എന്ന ലക്ഷ്യത്തോടെയാണു കഴിഞ്ഞ കുറെ വർഷങ്ങളായി ഗദ്ദിക എന്ന പേരിൽ കലാമേള സംഘടിപ്പിക്കുതെന്നും സമൂഹത്തിലെ അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ ഉയർത്തെഴുന്നേൽപ്പാണ് ഇതിലൂടെ സർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പട്ടികജാതി-പട്ടിക വർഗ വകുപ്പ്, കിർതടാഡ്സ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക-2018ന്റെ ഉദ്ഘാടന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വൈദ്യമേഖലയിൽ ഉൾപ്പെടെ സമൂഹത്തിൽ ഉപകാരപ്രദമാകുന്ന നിരവധി കാര്യങ്ങളാണ് പരമ്പരാഗതമായി ഇവർ തുടർന്നു പോകുന്നുത്. നാടൻ കലാമേള സംഘടിപ്പിക്കുന്നതിലൂടെ കലാപ്രതിഭകളെ കണ്ടെത്താനും അവർക്ക് സാമ്പത്തികമായും, വിദ്യാഭ്യാസപരമായും സഹായങ്ങൾ നൽകാനും സർക്കാറിന്റെ ഭാഗത്ത് നിന്നു ശ്രമങ്ങൾ ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ജന സാഗരം സാക്ഷിയായി ഗദ്ദികയ്ക്ക് തുടക്കം

ജനസാഗരം സാക്ഷിയായി കാലിക്കടവിന്റെ മണ്ണിൽ ഗദ്ദികയ്ക്ക് തുടക്കമായി . കലാമേളയുടെ ഭാഗമായി സംഘടിപ്പിച്ച ഘോഷയാത്ര പടുവളത്ത് നിന്നാരംഭിച്ച് കാലിക്കടവ് മൈതാനിയിൽ അവസാനിച്ചു. ആയിരക്കണക്കിനുപേർ പങ്കെടുത്ത ഘോഷയാത്രയിൽ ചെണ്ടക്കാരോടൊപ്പം കുടുംബശ്രീ വനിതകളും ഒന്നിച്ചു ചെണ്ടകൊട്ടി ആടിയപ്പോൾ കാണികൾ ആവേശഭരിതരായി. ചെണ്ടമേളവും താളമേളവും ഇലത്താളവും ഒത്തു ചേർന്ന ഗദ്ദിക കാലിക്കടവിന്റെ മണ്ണിന് ഉത്സവ പ്രതീതിയാണ് സമ്മാനിച്ചത്

കേരള സംസ്കാരത്തെ ഉയർത്തിപ്പിടിച്ച് കേരള സാരിയിൽ ശാലീന സുന്ദരികളായി കുടുംബശ്രീ വനിതകളും വിവിധ വർണ്ണങ്ങളിൽ ചാലിച്ച മുത്തുക്കുടകളും,ഒപ്പം കുട്ടിപ്പോലീസുകാരും അണിനിരന്നപ്പോൾ ഘോഷയാത്ര ജന

ശ്രദ്ധ പിടിച്ചുപറ്റി.  വിവിധ കലാരൂപങ്ങളും,വനിതാകോൽക്കളിയും,ഇലനൃത്തമെന്ന കലാരൂപവും, നിശ്ചല ദൃശ്യങ്ങൾ, പിലിക്കോട് ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച ദളിത് കർഷകന്റെ  വിലാപദൃശ്യവും, ഘോഷയാത്രയ്ക്ക് മാറ്റുകൂട്ടി. ജില്ലാ കളക്ടർ ഡോ.ഡി സജിത്ത് ബാബു,എം.രാജഗോപാലൻ എം എൽഎ, പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി വി ശ്രീധരൻ, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ, പട്ടികവർഗ വികസന വകുപ്പ് ആൻഡ് കിർടാഡ്സ് ഡയറക്ടർ ഡോ.പി പുഗഴേന്തി, ജില്ലാ പട്ടികജാതി വികസന ഓഫീസർ എസ് മീനാറാണി തുടങ്ങിയവരും വിവിധ ജനപ്രതിനിധികളും ഘോഷയാത്രയിൽ  പങ്കെടുത്തു.

പട്ടികജാതി-പട്ടിക വർഗ വകുപ്പ്, കിർടാഡ്സ് എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന ഗദ്ദിക-2018ന്റെ  ഉദ്ഘാടനം പട്ടികജാതി പട്ടികവർഗ പിന്നാക്ക ക്ഷേമ നിയമ സാംസ്കാരിക പാർലമെന്ററി കാര്യവകുപ്പ് മന്ത്രി എ.കെ ബാലൻ ഉദ്ഘാടനം ചെയ്തു. റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ അധ്യക്ഷനായി. ജില്ലാ കളക്ടർ ഡോ. ഡി. സജിത്ത് ബാബു റിപ്പോർട്ട് അവതരിപ്പിച്ചു.പട്ടികവർഗ വികസന വകുപ്പ് ആന്റ് കിർടാഡ്സ് ഡയറക്ടർ ഡോ. പി. പുകഴേന്തി, മുൻ എംഎൽഎ  കെ. കുഞ്ഞിരാമൻ, പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി. ശ്രീധരൻ, കോടോം-ബേളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സി. കുഞ്ഞിക്കണ്ണൻ, പിലിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.എൽ പുണ്ടരീകാക്ഷ, ചെറുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ,  നീലേശ്വരം നഗരസഭ ചെയർമാൻ പ്രൊഫ. കെ.പി ജയരാജൻ, സംസ്ഥാനതല പട്ടിക വർഗ ഉപദേശക സമിതി അംഗം ഒക്ലാവ് കൃഷ്ണൻ, തുടങ്ങിയവർ പങ്കെടുത്തു. എം. രാജഗോപാലൻ എംഎൽഎ സ്വാഗതവും പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടർ പി.എം അലി അസ്ഗർ പാഷ നന്ദിയും പറഞ്ഞു.

**(തുടരും)**